പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5583 01/07/2019 ൽ മറുപടിക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സാമ്പത്തിക പ്രതിസന്ധി**

ചോദ്യം

**ശ്രീ.പാറക്കൽ അബ്ദുല്ല**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ തകർന്ന ക്ഷേത്രങ്ങളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും തൽക്കാലം നിർത്തിവയ്ക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; | (എ) & ബി | ഇല്ല |
| (ബി) | സാമ്പത്തിക പ്രതിസന്ധിയാണോ അതിന് കാരണമെന്ന് വ്യക്തമാക്കുമോ; എങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും തസ്തിക ഭേദഗതി ചെയ്യുന്നതും ഇതോടൊപ്പം നിർത്തിവയ്ക്കുമോ എന്ന് അറിയിക്കാമോ; | | |
| (സി) | കഴിഞ്ഞ തീർത്ഥാടനകാലത്ത് ശബരിമലയിലുണ്ടായ വരുമാനനഷ്ടം ക്ഷേത്രങ്ങളുടെ നടത്തിപ്പ്, ദൈനംദിന ചെലവുകൾ, പരിപാലനം എന്നിവയെ പ്രതികൂലമായി ബാധിക്കുകയുണ്ടായോ; | (സി) & (ഡി) | പമ്പയിലുണ്ടായ പ്രളയത്തെതുടർന്നും ശബരിമലയിലെ സ്ത്രീപ്രവേശന വിഷയവുമായി ബന്ധപ്പെട്ട ബഹു.സുപ്രീംകോടതിയുടെ വിധിയെ തുടർന്ന് നടന്ന പ്രതിഷേധങ്ങളും കാരണം ശബരിമലയിലും മറ്റു ക്ഷേത്രങ്ങളിലും വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. ഇത് ക്ഷേത്രങ്ങളുടെ നടത്തിപ്പ്, ദൈനംദിന ചെലവുകൾ, പരിപാലനം എന്നിവയെ ഭാഗികമായി ബാധിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല. |
| (ഡി) | ഇല്ലെങ്കിൽ നിലവിലെ സാമ്പത്തിക പ്രതിസന്ധിയ്ക്കുള്ള കാരണം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ